**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3977** **16.05.2017 ൽ മറുപടിയ്ക്ക്**

**സോയിൽ ഹെൽത്ത് മാനേജ്മെന്റ് & പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് സ്കീം**

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | ഉത്തരം<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന 'സോയിൽ ഹെൽത്ത് മാനേജ്മെന്റ് & പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | മണ്ണിന്റെ ആരോഗ്യം പരിരക്ഷിച്ച് മണ്ണിൽ നിലവിലുള്ള പോഷകങ്ങളെ നിലനിർത്തി മണ്ണു പരിശോധിച്ച് കുറവുള്ള മൂലകങ്ങൾ ലഭ്യമാക്കി , മണ്ണിനെ ഫലഭൂയിഷ്ഠമാക്കുവാനും അതുവഴി വിളകളുടെ ഉൽപ്പാദനവും , ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനും വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. കേരളത്തിലെ 90 % മണ്ണും അമ്ലത്വ സ്വഭാവമുള്ളതിനാൽ അമ്ലത്വം ക്രമീകരിക്കുന്നതിനുള്ള കുമ്മായവസ്തുക്കൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക, മണ്ണ് പരിശോധനയുടെ പ്രാധാന്യവും ആവശ്യകതയെയുംകുറിച്ച് കർഷകരെ ബോധവൽക്കരിക്കുക, മണ്ണ് പരിപോഷണ കാർഡുകൾ കർഷകർക്ക് പരിചിതമാക്കുക, ദ്വിതീയ സൂക്ഷ്മ മൂലകങ്ങൾ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുക, സൂക്ഷ്മ മൂലകങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്ന പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക. എന്നീ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (ബി) | സംസ്ഥാനത്ത് ആവശ്യാനുസരണമുള്ള കുമ്മായത്തിന്റെ ഉല്പാദനവും വിതരണവും നടത്തുന്നതിന് ഏതെങ്കിലും ഏജൻസികളെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. |
| (സി) | കുമ്മായം നൽകുന്നതിനുള്ള സബ്സിഡി വർദ്ധിപ്പിച്ചതിനുശേഷം അതിന്റെ ഉപഭോഗത്തിൽ ഉണ്ടായ വ്യതിയാനം വിശദമാക്കാമോ? | (സി) | വയനാട് ഒഴികെ ഉള്ള 13 ജില്ലകളിലായി ഏകദേശം 40,740 ഹെക്ടറിലേയ്ക്കായി കുമ്മായ വസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മണ്ണിന്റെ അമ്ലത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് കുമ്മായ ഉപഭോഗം എന്നതിനാൽ സബ്സിഡിയുമായി ഇതിനു നേരിട്ടു ബന്ധമില്ല. |

**സെക്ഷൻ ഓഫീസർ**